(സി) ഫയർ സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാഞ്ഞിരപ്പള്ളിയിൽ ഫയർ സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് അനുയോജ്യമായ സർക്കാർ ഭൂമി ലഭിക്കാത്ത സാഹചര്യത്തിൽ ശ്രീ. എം. റ്റി. തോമസ് മുണ്ടുചിറ എന്നയാളുടെ സ്ഥലം ഫയർ സ്റ്റേഷന് അനുയോജ്യമാണോ എന്നും എങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ വില നിർണയിച്ച് സർട്ടിഫൈ ചെയ്യുവാനും, ഫയർ ആന്റ് റസ്ക്യൂ സർവീസസ് ദക്ഷിണ മേഖലാ ഡിവിഷൻ ഓഫീസറോടും കോട്ടയം ജില്ലാ കളക്ടറോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സൗകര്യമുള്ള സ്ഥലം കണ്ടെത്തി നിലയത്തിന് സ്വന്തമായ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലീഡിംഗ് ഫയർമാൻ കോഴ്സ്

62 [2492] *ശ്രീ. കോവൂർ കുഞ്ഞുമോൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ലീഡിംഗ് ഫയർമാൻ കോഴ്സ് നടത്താറുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അവസാനമായി നടത്തിയത്;

(ബി) ലീഡിംഗ് ഫയർമാൻ കോഴ്സിന് തെരഞ്ഞെടുക്കപ്പെടാൻ ഫയർമാന് എന്തൊക്കെ യോഗ്യതയാണ് വേണ്ടത്;

(സി) ലീഡിംഗ് ഫയർമാൻ കോഴ്സ് പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഫയർമാന് നേരിടേണ്ടിവരുന്ന നഷ്ടം എന്തൊക്കെയാണ്;

(ഡി) ലീഡിംഗ് ഫയർമാൻ കോഴ്സ് കഴിയാത്ത ഫയർമാൻമാർക്ക് ടി കോഴ്സ് നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 8-12-2003 മുതൽ 7-2-2004 വരെ നടത്തിയ 26-ാം ബാച്ചിന്റെ കോഴ്സാണ് അവസാനമായി നടത്തിയത്.

(ബി) ഫയർമാൻ തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.

(സി) ലീഡിംഗ് ഫയർമാൻ കോഴ്സ് പൂർത്തിയാക്കാത്തതിനാൽ ഫയർമാൻമാർക്ക് നിലവിൽ പ്രത്യേക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലീഡിംഗ് ഫയർമാൻ കോഴ്സ് പൂർത്തിയായ നിരവധി ഫയർമാൻ തസ്തികയിലുള്ളവർ നിലവിലുണ്ട്. പ്രസ്തുത കോഴ്സ് പാസ്സായവരിൽ നിന്നും സീനിയോറിട്ടി ക്രമത്തിൽ പ്രൊമോഷൻ തസ്തികയുടെ ലഭ്യതയനുസരിച്ചാണ് പ്രൊമോഷൻ നടത്തുന്നത്. എന്നാൽ ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായിട്ടുണ്ട് എന്ന ഒറ്റ കാരണത്താലല്ല ഫയർമാൻമാർക്ക് പ്രൊമോഷൻ നൽകുന്നത്. ഈ പ്രൊമോഷന് കാലതാമസം വരുന്നവർക്ക് നിലവിലെ സർക്കാർ റൂൾ പ്രകാരം സർവ്വീസ് ദൈർഘ്യം കണക്കിലെടുത്ത് ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാനുള്ള വ്യവസ്ഥയും നിലവിലുണ്ട്.

(ഡി) നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ എല്ലാ ഫയർമാൻമാർക്കും ഒരേ സമയം ലീഡിംഗ് ഫയർമാൻ കോഴ്സ് നൽകാനുള്ള സൗകര്യമില്ല. സ്ഥലസൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് അടുത്ത ബാച്ച് ലീഡിംഗ് ഫയർമാൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം

63 [2493] *ശ്രീ. എ. സി. ഷൺമുഖദാസ്:*
,, സി. കെ. നാണു:
ഡോ. കെ. സി. ജോസഫ്:
,, എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ പ്രവർത്തിച്ചുതുടങ്ങിയത് എന്നു മുതലാണ് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly